# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 585

12.06.2012-ൽ
മറുപടിക്ക്.

## 'എമർജിംഗ് കേരള'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച 'എമർജിംഗ് കേരള' സംഗമ നടത്തിപ്പിന്റെ പുരോഗതി വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് വൻതോതിലുള്ള നിക്ഷേപം ഉറപ്പാക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും വേണ്ടി ആവിഷ്കരിച്ചിട്ടുളള പദ്ധതിയുടെ ഭാഗമായി ഒരു ദ്വിവൽസര ആഗോള സംഗമം ''എമർജിംഗ് കേരള'' എന്ന പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് നോഡൽ ഏജൻസി കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയും NASSCOM-ഉം സംഗമത്തിൽ പങ്കാളികളായിരിക്കും. എമർജിംഗ് കേരളയുടെ ഏകോപനത്തിനായി മുഖ്യമന്ത്രി അധ്യക്ഷനായി ഹൈപവർ കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഹൈലെവൽ കമ്മിറ്റിയും വകുപ്പ് മന്ത്രിമാർ അദ്ധ്യക്ഷന്മാരായി പ്രോജക്ട് കമ്മിറ്റിയും രൂപികരിച്ചിട്ടുണ്ട്.<br><br>എമർജിംഗ് കേരള 2012 സംഗമം പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്യുന്നത്. വിവിധ രാഷ്ട്രങ്ങളിലെ രാഷ്ട്രത്തലവൻമാർ, കേന്ദ്രമന്ത്രിമാർ ഇന്ത്യയിലെയും വിദേശത്തേയും വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുക്കുന്നതാണ്.<br><br>എമർജിംഗ് കേരളയുടെ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും, പുറത്തും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വരികയാണ്. 2012 ഏപ്രിൽ 20 ന് ന്യൂഡൽഹിയിൽ വച്ച് വിവിധ രാജ്യങ്ങളിലെ ഹൈകമ്മീഷണർമാരുടെയും അംബാസിഡർമാരുടെയും വ്യവസായ പ്രതിനിധികളുടെയും ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചു. ഇതിൽ 30 ലധികം രാജ്യങ്ങളിൽ |

നിന്നുള്ള ഡിപ്ലോമാറ്റുകൾ, അന്താരാഷ്ട്ര ഏജൻസികൾ വ്യവസായ ദൗത്യ സംഘങ്ങളുടെ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ സെക്രട്ടറിമാർ, പ്രമുഖ മാധ്യമ പ്രതിനിധികൾ എന്നിവർ പ ങ്കെടുക്കുകയുണ്ടായി.

2012 മെയ്15 ന് മുംബെയിൽ വച്ചും ബിസിനസ്സ് മീറ്റു നടത്തുകയുണ്ടായി. ഇതിന് പുറമേ, കേരളത്തിനകത്തുള്ള സംരംഭകർക്ക് എമർജിംഗ് കേരളയുടെ സന്ദേശം എത്തിക്കാനായി കേരളത്തിലെ എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വിവിധ തലത്തിലുള്ള നിക്ഷേപകർക്കിടയിൽ താൽപര്യം സൃഷ്ടിക്കാൻ എമർജിംഗ് കേരള റോഡ് ഷോകൾക്കു കഴിഞ്ഞു.

എമർജിംഗ് കേരള 2012 ൽ അവതരിപ്പിക്കുന്നതിനുള്ള പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കുകയും ചെയ്തു കഴിഞ്ഞു. എമർജിംഗ് കേരളയുടെ പ്രചരണം വിവിധ മാധ്യമങ്ങളിലൂടെ ആരംഭിച്ചിട്ടുണ്ട്.

എമർജിംഗ് കേരളയിൽ ബാങ്കിങ്ങ് മേഖലയുടേയും വാണിജ്യ വ്യവസായ മേഖലകളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികളും കെ.എസ്.ഐ.ഡി.സി ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ സംഗമം എന്ന്, എവിടെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.? | (ബി) ആദ്യ സംഗമമായ ''എമർജിംഗ് കേരള 2012'' സെപ്റ്റംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ